# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.15/03/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 26/02/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.15/03/2022 തീയ്യതി: 26/02/2022

## മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-12-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 20-12-2021 | 31-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-12-2021 | 31-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ് പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),
ശ്രീ.ദിനേശൻ എം, ഓഡിറ്റ് ഓഫീസർ,
ശ്രീ.യൂസഫ് പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി ജിഷ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ഇദ്രീസ് അബ്ദുള്ള എ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഫാത്തിമ പൊതുവത്ത് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ പ്രഭാകരൻ പരി | സെക്രട്ടറി | 01-04-2019 | 07-06-2019 |
| ശ്രീമതി ബീന എൻ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-06-2019 | 24-06-2019 |
| ശ്രീ പ്രഭാകരൻ പരി | സെക്രട്ടറി | 25-06-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ അബീന | വെറ്റിനറി സർജൻ | 01-04-2019 | 13-08-2019 |
| ഡോ സിനി | വെറ്റിനറി സർജൻ | 14-08-2019 | 18-10-2019 |
| ഡോ കാർത്തികേയൻ | വെറ്റിനറി സർജൻ | 19-10-2019 | 01-12-2019 |
| ഡോ അസ്മിനിത | വെറ്റിനറി സർജൻ | 02-12-2019 | 31-03-2020 |
| ശ്രീ സുഭാഷ് എസ് | വി.ഇ.ഒ | 01-04-2019 | 10-02-2020 |
| ശ്രീ അനിൽകുമാർ വി.വി | വി.ഇ.ഒ | 11-02-2020 | 31-03-2020 |
| ശ്രീമതി രജിത ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ മോഹൻദാസ് | ഹെഡ്മാസ്റ്റർ | 01-04-2019 | 11-06-2019 |
| ശ്രീ ബാലകൃഷ്ണൻ | ഹെഡ്മാസ്റ്റർ | 12-06-2019 | 31-03-2020 |
| ശ്രീ ഷംസീർ എം | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ നസീറ കെ.കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ നെഹ്‌ള പി.എം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി സീന കെ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 03-08-2019 |
| ശ്രീമതി സീന കെ.എസ് | അസി.എഞ്ചിനീയർ | 06-09-2019 | 15-09-2019 |
| ശ്രീ ടി.ജി ആന്റണി | അസി.എഞ്ചിനീയർ | 16-09-2019 | 31-03-2020 |
| ശ്രീമതി സുധർമ വി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 04-08-2019 | 05-09-2019 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Unni.P (Deputy Director, On 24-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 31-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 31-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 31-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 31-12-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 31-12-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 31-12-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 31-12-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Unni.P (Deputy Director, On 26-02-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 31-12-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Unni.P (Deputy Director, On 26-02-2022) | 1-11 |
| 12 | കെട്ടിട നിർമ്മാണ പെർമിറ്റ് അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 31-12-2021)<br>Last Updated By: Unni.P (Deputy Director, On 24-02-2022) | 1-12 |
| 13 | ഹാന്റ് പമ്പ് റിപ്പയർ - വിനിയോഗിക്കാത്ത തുക തിരികെ ലഭിച്ചിട്ടില്ല<br>Written By: Yousuf.P (Asst. Audit Officer, On 31-12-2021)<br>Last Updated By: Unni.P (Deputy Director, On 24-02-2022) | 1-13 |
| 14 | പരിരക്ഷ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Jisha.K (Senior Grade Auditor, On 31-12-2021)<br>Last Updated By: Unni.P (Deputy Director, On 26-02-2022) | 1-14 |
| 15 | കുടുംബാരോഗ്യ കേന്ദ്രം -വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Jisha.K (Senior Grade Auditor, On 31-12-2021)<br>Last Updated By: Unni.P (Deputy Director, On 26-02-2022) | 1-15 |
| 16 | ലൈഫ് ഭവന പദ്ധതി - ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകൽ - അധിക തുക നൽകി<br>Written By: Jisha.K (Senior Grade Auditor, On 31-12-2021)<br>Last Updated By: Unni.P (Deputy Director, On 26-02-2022) | 1-16 |

| | | |
|---|---|---|
| 17 | കലക്ടേഴ്സ് @സ്കൂൾ - സോഷ്യോ എക്കണോമിക് ഫൗണ്ടേഷന് ടെണ്ടറില്ലാതെ പ്രവൃത്തി ഏൽപ്പിച്ചു നൽകി<br>Written By: Jisha.K (Senior Grade Auditor, On 31-12-2021)<br>Last Updated By: Unni.P (Deputy Director, On 26-02-2022) | 1-17 |
| 18 | നിരീക്ഷണ ക്യാമറ സ്ഥാപിച്ചിട്ടില്ല.<br>Written By: Yousuf.P (Asst. Audit Officer, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 26-02-2022) | 1-18 |
| 19 | എസ്.എസ്.എ- രേഖകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Yousuf.P (Asst. Audit Officer, On 01-01-2022)<br>Last Updated By: Yousuf.P (Asst. Audit Officer, On 01-01-2022) | 1-19 |
| 20 | ന്യൂട്രീമിക്സ് ജി.എസ്.ടി-യിന്മേൽ TDS ഈടാക്കിയില്ല.<br>Written By: Yousuf.P (Asst. Audit Officer, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 26-02-2022) | 1-20 |
| 21 | കരാർ കാലയളവിനുള്ളിൽ പ്രോജക്ട് പൂർത്തീകരിക്കാത്തത് - പിഴ ഈടാക്കിയിട്ടില്ല.<br>Written By: M Dinesan (Audit Officer, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 26-02-2022) | 1-21 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Unni.P (Deputy Director, On 26-02-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Unni.P (Deputy Director, On 26-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 31-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Unni.P (Deputy Director, On 24-02-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Unni.P (Deputy Director, On 26-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021) | 4-10 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 24-02-2022) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Idrees Abdulla A.C. (Auditor, On 28-12-2021)<br>Last Updated By: Unni.P (Deputy Director, On 26-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) - 16.02.2019 | പുതുക്കിയിട്ടില്ല |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2020 | 25.05.2020 | --- | ----- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 30287089 |
| വരവ് | 89493469 |
| ആകെ | 119780558 |
| ചെലവ് | 92584039 |
| നീക്കിയിരിപ്പ് | 27196519 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11219000 | 11219000 | 9422444 | 1796556 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1487000 | 1487000 | 732538 | 754462 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2874000 | 2874000 | 1334756 | 1539244 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3373000 | 3373000 | 2570469 | 802531 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Grant) | 0 | 8578115 | 8578115 | 4262627 | 4315488 |
| ബി ഫണ്ട് | 0 | 14428220 | 14428220 | 14428220 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 55837117 | 87 | 27790010 | 91 | 19 | 44% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 172091 | 793390 | 965481 | 860048 | 105433 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 8794394 | 8794394 | 8794394 | 0 |
| ആകെ | 172091 | 9587784 | 9759875 | 9654442 | 105433 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 12720 | 6 |
| കർഷകതൊഴിലാളി പെൻഷൻ | 318600 | 58 |
| വിധവാപെൻഷൻ | 4246800 | 751 |
| വാർദ്ധക്യകാലപെൻഷൻ | 8102700 | 1423 |
| വികലാംഗപെൻഷൻ | 1705400 | 299 |
| വിവാഹ ധനസഹായം | 0 | 0 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 42000 | 7 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.12.2021 ന് 10.15 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11971/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് ജോലിവിഭജനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. എല്ലാ ഫീൽഡ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് മേലുദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതുണ്ട്. കാഷ്ബുക്ക്, ഡേബുക്ക് എന്നിവ ദിവസേന സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിലും ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലിയേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിലും ശ്രദ്ധിച്ചിട്ടുണ്ട്. വിവിധ ഡി.സി.ബി.രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചുകാണുന്നില്ല. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റരീതിയിൽ എഴുതി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗവ: സർക്കുലർ നം. 86/10/ഫിൻ 24.9.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ, വില കുറഞ്ഞ സ്റ്റോർ എന്നിവയും, ഓഫീസ് ഫർണിച്ചറിനം, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. വാർഷിക സ്റ്റോക്ക് പരിശോധന കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ പ്രകാരം നടത്തുന്നില്ല. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. തനത് ഫണ്ട് വൗച്ചറുകൾ ക്രമരഹിതമായാണ് സൂക്ഷിച്ചിട്ടുള്ളത്. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഊർജ്ജിത നടപടികൾ ഉണ്ടാവേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.09.2021 | 09/2021 | 09.09.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.07.2008 മുതൽ 02.08.2008 വരെ | ഒക്ടോബർ 2000 മുതൽ 2007-08 വരെ | 28.08.2008 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1.2018-19 ബാലൻസ് ഷീറ്റ് പ്രകാരം (B-15) യാതൊരു വരവിനത്തിലും കുടിശ്ശികയില്ല. എന്നാൽ തൻവർഷത്തെ റസീപ്റ്റ് &പേയ്മെന്റ് (RP-43) പ്രകാരവും ലഭ്യമാക്കിയ DCB പത്രിക പ്രകാരവും വസ്തു നികുതിയിൽ 20,643രൂപയും ലൈബ്രറി സെസ്സ് 1071രൂപയും വരവുണ്ട്.

2.സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ DCB പത്രിക പ്രകാരം വസ്തു നികുതി കറന്റ് കളക്ഷൻ 3497005രൂപയാണ്. ആയത്

വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.(റസീപ്റ്റ് &പേയ്മെന്റ് (RP-43) പ്രകാരം തൻവർഷ കളക്ഷൻ 3499921 രൂപയും 2018-19ൽ മുൻകൂറായി 29270രൂപയും വരവുണ്ട്.)

3.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം എംപ്ലോയീസ് നികുതി ഡിമാന്റും കളക്ഷനും 2524370 രൂപയാണ്.എന്നാൽ വാർഷികകണക്ക് പ്രകാരം ഡിമാന്റ് (I-1) 2524370രൂപയും കളക്ഷൻ (RP-1) 2514370 രൂപയുമാണ്. കളക്ഷനിൽ വ്യത്യാസം 10000രൂപ. ബാലൻസ് ഷീറ്റിൽ (B-15) കുടിശ്ശിക രേഖപ്പെടുത്തിയിട്ടുമില്ല.

4.തൊഴിൽ നികുതി(ട്രേഡേഴ്സ്) സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.ആയതിനാൽ പ്രസ്തുത ഇനത്തിന്റെ ഡിമാന്റ്,കളക്ഷൻ ബാലൻസ് കൃത്യത രജിസ്റ്ററുമായി ഒത്തുനോക്കാൻ കഴിഞ്ഞിട്ടില്ല.

5.ബാലൻസ് ഷീറ്റ്(B-14) പ്രകാരം 7518രൂപയുടെ സ്റ്റോക്ക് ബാലൻസുണ്ട്.എന്നാൽ സ്റ്റോക്കുകളുടെ മൂല്യം രേഖപ്പെടുത്തി സംക്ഷിപ്തം തയ്യാറാക്കാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

6.തൊഴിലുറപ്പ് പദ്ധതി കണക്കിൽ മുൻകൂർ തിരികെ നൽകിയത് (556000രൂപ) ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I-6,I-14a)യിൽ ചെലവിലുൾപ്പെട്ടിട്ടുണ്ട്.ആയത് ചെലവിനെ ഇരട്ടിപ്പിക്കുന്നു.

7.സ്ഥിര നിക്ഷേപം പലിശ ഇനത്തിൽ AFS പ്രകാരം 285552രൂപയുടെ ഡിമാന്റ് ഉണ്ട്(I-7). എന്നാൽ റസീപ്റ്റ്&പേയ്മെന്റ് പത്രികയിൽ ഈയിനത്തിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല.

8.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

9. ഫിക്സഡ് അസറ്റ് ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

10. TSC അക്കൗണ്ടിലെ ബാലൻസ് തുകകൾ ബി-4 ഷെഡ്യൂളിലും ബി-17 ഷെഡ്യൂളിലും വ്യത്യസ്തമാണ്.

11. മുൻ വർഷ വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

## 1-12 കെട്ടിട നിർമ്മാണ പെർമിറ്റ് അപാകതകൾ

ഓഡിറ്റ് എൻക്വയറി നമ്പർ .08/2019-20 തിയ്യതി -30.12.2021

2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 4 പ്രകാരം ഏതൊരാളും സെക്രട്ടറിയിൽ നിന്നും പെർമിറ്റ് ലഭ്യമാക്കാതെ കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. എന്നാൽ തൻവർഷം നൽകിയ കെട്ടിട നിർമ്മാണ പെർമിറ്റ്, റഗുലറൈസേഷൻ എന്നീ ഇനങ്ങളിലെ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ ഭൂരിഭാഗം നിർമ്മാണങ്ങളും പെർമിറ്റ് നേടാതെയാണ് നടത്തുന്നത് എന്ന് കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| അപേക്ഷയുടെ തരം | അപേക്ഷകളുടെ എണ്ണം | ഓരോ ഇനങ്ങളിലേയും വരവ് |
|---|---|---|
| കെട്ടിട നിർമ്മാണ പെർമിറ്റ് | 81 | 82380രൂപ |
| റഗുലറൈസേഷൻ | 139 | 198815 രൂപ |

പെർമിറ്റ് നേടിയ നിർമ്മാണങ്ങളേക്കാൾ കെട്ടിടങ്ങളുടെ റഗുലറൈസേഷൻ അധികരിക്കുന്നത് പഞ്ചായത്ത് പ്രദേശത്ത് പെർമിറ്റില്ലാതെയുള്ള നിർമ്മാണങ്ങൾ ധാരാളം നടക്കുന്നുണ്ടെന്നും നിർമ്മാണങ്ങളുടെ മേൽ പഞ്ചായത്തിന് വ്യക്തമായ നിയന്ത്രണമില്ല എന്നുമാണ് സൂചിപ്പിക്കുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ കെട്ടിട നിർമ്മാണങ്ങളേയും പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ഹാന്റ് പമ്പ് റിപ്പയർ - വിനിയോഗിക്കാത്ത തുക തിരികെ ലഭിച്ചിട്ടില്ല

പ്രൊജക്ട് : 207/20, വിവിധ വാർഡുകളിലെ കുഴൽകിണർ ഹാന്റ് പമ്പ് റിപ്പയർ

നിർവ്വഹണം : സെക്രട്ടറി

ബിൽ(BRN)നം: 0714281/21.10.19 : 186675 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

വിവിധ വാർഡുകളിലെ 17 കുഴൽകിണറുകളുടെ ഹാന്റ് പമ്പുകൾ റിപ്പയർ ചെയ്യുന്നതിനായി 1,76,850 രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഒടുക്കിയിട്ടുണ്ട്.ഗ്രാമ പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലെ കുഴൽകിണർ റിപ്പയർ ചെയ്യുന്നത് കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും അടിയന്തിര സാഹചര്യത്തിൽ ആയത് പ്രത്യേകമായി റിപ്പയർ ചെയ്യിച്ചതിനാൽ ആയതിന് വകയിരുത്തിയ 9825 രൂപ കുറവ് ചെയ്ത തുകയാണ് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഒടുക്കിയത്. പ്രസ്തുത ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ച 01.6.2020ലെ ജി.എം./960/19 നമ്പർ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 51024 രൂപയാണ് പദ്ധതി പ്രകാരം ചെലവായിട്ടുള്ളത്. ബാലൻസ് തുക 125826 രൂപ തിരികെ

ലഭ്യമാക്കുന്നതിന് 10.12.21ലെ AC/3035/2021നമ്പർ കത്ത് നൽകിയിട്ടുണ്ടെങ്കിലും തുക ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. തുക തിരികെ ലഭ്യമാക്കുന്നത് വരെ 125826 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് അന്വേഷണം നം. 11/ 30.12.2021)

## 1-14 പരിരക്ഷ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി എച്ച് സി)

പ്രോജക്ട് : 18/20 പരിരക്ഷ പാലിയേറ്റീവ് കെയർ

അടങ്കൽ :325100/-(225100/- വികസനഫണ്ട്- ജനറൽ+ 100000/- - ബ്ലോക്ക് വിഹിതം)

ചെലവ് : 325100/-(225100/- വികസനഫണ്ട്- ജനറൽ+ 100000/- - ബ്ലോക്ക് വിഹിതം)

മേൽ പ്രോജക്ട് പ്രകാരമുള്ള ചെലവുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു

| ക്രമ നമ്പർ | ബിൽ നമ്പർ/ വൗച്ചർ നമ്പർ / തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 03/19-20/9.7.19 | 30000 | പരിരക്ഷ നേഴ്സിന്റെ വേതനം 05/19,06/19 |
| 2 | 04/19-20/9.8.19 | 1759 | സ്റ്റേഷനറി പർച്ചേസ് |
| 3 | 07/19-20/9.8 .19 | 18000 | വാഹന വാടക ചെലവ് (09.04.19 മുതൽ 20.07.2019 വരെ) |
| 4 | 08/19-20/9.8 .19 | 37200 | പരിരക്ഷ നേഴ്സിന്റെ വേതനം 06/19,07/19<br>ഇന്ധനചെലവ് |
| 5 | 09/19-20/9.8 .19 | 15545 | റിഫ്രെഷ്മെന്റ് ചെലവ് (02.04.2019 മുതൽ 29.07.2019 വരെ) |
| 6 | 12/19-20/24.10.19 | 30000 | പരിരക്ഷ നേഴ്സിന്റെ വേതനം 08/19,09/19 |
| 7 | 20/19-20/22.02.20 | 35340 | വാഹന വാടക ചെലവ് (20.07.2019 മുതൽ 21.11.2019 വരെ) |
| 8 | 26/19-20/31.03.20 | 7200 | ഇന്ധനചെലവ് |
| 9 | 27/19-20/31.03.20 | 5100 | ഇന്ധനചെലവ്<br>ടെലഫോൺ അലവൻസ്- പരിരക്ഷ നേഴ്സ് |
| 10 | 18/19-20/22.02.20 | 44956 | പരിരക്ഷ നേഴ്സിന്റെ വേതനം 10/19,11/19,12 /19(part)<br>3000/-പരിരക്ഷ വോളണ്ടിയർ ട്രൈനിംഗ് |
| 11 | Requisition No. 509790040119032/ 30.03.20 | 11556 | 6341/-റിഫ്രെഷ്മെന്റ് ചെലവ് (02.02.2020 മുതൽ 28.03.2020 വരെ)<br>2700/-വാഹന വാടക<br>2515/-ഇന്ധല ചെലവ് |
| 12 | Requisition No. 509790040119031/ 30.03.20 | 15000 | പരിരക്ഷ നേഴ്സിന്റെ വേതനം 02/20 |

| | | | |
|---|---|---|---|
| 13 | Requisition No. 509790040119028/ 17.03.20 | 23100 | 15000/-പരിരക്ഷ നേഴ്സിന്റെ വേതനം 02/20<br>8100/-വാഹന വാടക ( 06.02.20 മുതൽ 19.02.20 വരെ) |
| 14 | Requisition No. 509790040119024/ 18.02.20 | 18544 | 15000/-പരിരക്ഷ നേഴ്സിന്റെ വേതനം 01/20<br>3044/-പരിരക്ഷ നേഴ്സിന്റെ വേതനം 12/19 (Part) |
| 15 | Requisition No. 509790040119025/ 18.02.20 | 31800 | 8400/-റിഫ്രഷ്മെന്റ് ചെലവ് (29.07.19 മുതൽ 02.12.2019 വരെ)<br>23400/- വാഹന വാടക ( 07.12.2019 മുതൽ 31.01.2020 വരെ) |
| | ആകെ | 325100 | |

മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ക്രമ നമ്പർ 1,4 എന്നീ ബില്ലുകൾ പ്രകാരം 06/19 ലെ പരിരക്ഷ നേഴ്സിന്റെ വേതനം രണ്ടു തവണ നൽകിയതായി കാണുന്നു.

2. ക്രമ നമ്പർ 12,13 എന്നിവ പ്രകാരം 02/20 ലെ പരിരക്ഷ നേഴ്സിന്റെ വേതനം രണ്ടു തവണ നൽകിയതായി കാണുന്നു.

3. ക്രമ നമ്പർ 3,7 എന്നിവ പ്രകാരം 20.07.2019 ലെ വാഹന വാടക(900/- രൂപ) രണ്ടു പ്രാവിശ്യം നൽകിയിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/*2019-20/* 30.12.2021) ചെലവു വൗച്ചറിന്റെ കൂടെ ലഭ്യമാക്കിയ കൈപ്പറ്റു രശീതികളിൽ വന്ന പിഴവു മൂലമാണ് ക്രമ നമ്പർ 1, 2 എന്നീ അപാകതകൾ സംഭവിച്ചതെന്ന് രേഖകൾ സഹിതം മറുപടി നൽകി. എന്നാൽ ക്രമ നമ്പർ 3 അപാകത പ്രകാരം 900/- രൂപ വാഹന വാടക ഇനത്തിൽ ഡ്രൈവർ ശ്രീ. അബ്ദുസ്സലാം എന്നവർക്ക് അധികം നൽകാനിടയായിട്ടുണ്ട്. ആയത് തിരിച്ചടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 കുടുംബാരോഗ്യ കേന്ദ്രം -വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി എച്ച് സി)

പ്രോജക്ട് : 67/20കുടുംബാരോഗ്യ കേന്ദ്രം കർമ്മ പദ്ധതി (ആർദ്രം പദ്ധതി) -വിഹിതം അടവാക്കൽ.

അടങ്കൽ :318870/-(മെയിന്റനൻസ് ഫണ്ട് -നോൺ റോഡ്)

ചെലവ് : 318870/- ബിൽ നമ്പർ 01/19- 20/09.07.2019

മേൽ പ്രോജക്ട് പ്രകാരം ജില്ലാ ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ സൊസൈറ്റിക്ക് നൽകിയ തുക(318870/-) യുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ:9/2019-20/ 30.12.2021) ആയതു ലഭ്യമാക്കുന്നതു വരെ ചെലവു തുക 318870/- രൂപ തടസ്സം ചെയ്യുന്നു.

## 1-16 ലൈഫ് ഭവന പദ്ധതി - ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകൽ - അധിക തുക നൽകി

നിർവ്വഹണോദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് നമ്പർ : 11/20 ലൈഫ് ഭവന നിർമ്മാണം - (ജനറൽ)2019-20

അടങ്കൽ : 3443800/- (2243800/-plan- Gen + 1000000/- Block Share + 200000/- District Share)

ചെലവ് : 800000/- ( Plan- Gen )

മേൽ പദ്ധതി പ്രകാരം 2019-20 വർഷത്തിൽ ലൈഫ് ഭവന പദ്ധതി ഫേസ് III യിൽ ഉൾപ്പെട്ട2 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകുന്നതിനായി 400000/- രൂപയും ഭവന നിർമ്മാണത്തിന്റെ വിവിധ ഗഡുക്കൾ നൽകുന്നതിനായി 400000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ഭൂമി വാങ്ങി നൽകിയ ശ്രീമതി സുമയ്യ എടത്തടത്തിൽ എന്നവർക്ക് ഭൂമി ലഭ്യമാക്കിയ ശ്രീ ഷംസുദ്ദീന് ബിൽ നമ്പർ 16/19-20/15.02.20 പ്രകാരം 200000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ കൽപകഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിൽ 22.01.2020 ന് രജിസ്റ്റർ ചെയ്ത ടിയാരിയുടെ ആധാരം(225/20) പരിശോധിച്ചതിൽ 2.024 ആർസ് ഭൂമി 74000/- രൂപയ്ക്കാണ് വാങ്ങിയിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.9.2019 ലെ സർക്കുലർ നമ്പർ LSGD-DB1/304/2019 പ്രകാരം ലൈഫ് മൂന്നാം ഘട്ടത്തിലെ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനുള്ള നിരക്കുകൾ നിശ്ചയിച്ച് ഉത്തരവായിരുന്നു. ഭൂമി വാങ്ങൽ സംബന്ധിച്ചുള്ള സംശയ ദുരീകരണത്തിനായി 10.03.20ൽ ലൈഫ് മിഷൻ പുറത്തിറക്കിയ നം. എൽ എം 3/2019 വിജ്ഞാപനത്തിൽ ക്രമ നമ്പർ 2,3 എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്തിൽ 3 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിന് ജനറൽ വിഭാഗത്തിന് 200000/- രൂപ നൽകാവുന്നതാണെന്നും , എന്നാൽ സർക്കാർ ഉത്തരവു പ്രകാരം നിശ്ചയിച്ച തുകയോ ആധാര പ്രകാരമുള്ള യഥാർത്ഥ തുകയോ ഏതാണൊ കുറവ് ആ തുക മാത്രമേ അനുവദിക്കാവൂ എന്നും വ്യക്തത വരുത്തിയിട്ടുണ്ട്.

ആധാരത്തിൽ കാണിച്ച തുകയേക്കാൾ അധികം തുക നൽകിയത് ക്രമപ്രകാരമല്ല . ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3 /2019-20/ 23.12.2021) ലഭ്യമാക്കിയ മറുപടിയിൽ ആധാരത്തിലെ വില 1 സെന്റിനാണെന്ന് തെറ്റായി മനസമസിലാക്കിയതിനാലാണ് ഇത്തരത്തിൽ അപാകത സംഭവിച്ചതെന്ന് അറിയിച്ചു. ടി ഗുണഭോക്താവിന് 20-21 വർഷത്തിൽ ലൈഫ് പദ്ധതിയിൽ ഭവനം അനുവദിക്കുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഗുണഭോക്താവിന് 126000/- രൂപ അധികം നൽകിയതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതു വരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 1-17 കലക്ടേഴ്സ് @സ്കൂൾ - സോഷ്യോ എക്കണോമിക് ഫൗണ്ടേഷന് ടെണ്ടറില്ലാതെ പ്രവൃത്തി ഏൽപ്പിച്ചു നൽകി

നിർവ്വഹണോദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് : 219/20 Collectors @ School - ഗവ. സ്കൂളുകൾക്ക് ബയോ ബിൻ വിതരണം നടത്തൽ

അടങ്കൽ :42400/-( കേന്ദ്രാവിഷ്കൃത ഫണ്ട്)

ചെലവ് : ചെക്ക് നമ്പർ 875499/20.03.2020, 40800/-

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ 2 ഗവൺമെന്റ് സ്കൂളുകളിൽ മാലിന്യം തരംതിരിച്ചു ശേഖരിക്കുന്നതിനായി 8 ബിന്നുകൾ സ്ഥാപിക്കുന്നതിന് 40,800/- രൂപ സോഷ്യോ എക്കണോമിക് ഫൗണ്ടേഷന് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിക്കാതെ സോഷ്യോ എക്കണോമിക് ഫൗണ്ടേഷനെ നേരിട്ട് ഏൽപ്പിക്കുകയാണ് ചെയ്തത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുദ്ധജല-ശുചിത്വ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് സോഷ്യോ എക്കണോമിക് ഫൗണ്ടേഷന് 24.02.2016 ലെ സ.ഉ(സാധാ)നം.760/2016/തസ്വഭവ പ്രകാരം നൽകിയിരുന്ന അക്രഡിറ്റേഷൻ കാലപരിധി 24.02.2019 ന് അവസാനിച്ചിട്ടുള്ളതാണ്. അക്രഡിറ്റേഷൻ ഇല്ലാത്ത സ്ഥാപനത്തിന് ടെണ്ടർ നടപടികൾ കൂടാതെ പദ്ധതി നിർവ്വഹണം നേരിട്ട് ഏൽപ്പിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/*2019-20/* 29.12.2021) സുലേഖയിൽ ടി സ്ഥാപനത്തെ അക്രഡിറ്റഡ് ഏജൻസി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ നിലവിൽ അക്രഡിറ്റേഷൻ ഇല്ലാത്ത വിവരം അറിഞ്ഞില്ലെന്നുമാണ് മറുപടി നൽകിയത്. അക്രഡിറ്റേഷൻ ഇല്ലാതിരുന്നിട്ടും പ്രവൃത്തി സോഷ്യോ എക്കണോമിക് ഫൗണ്ടേഷനെ ഏൽപ്പിച്ചു കൊടുത്തത് ശരിയായ നടപടിയല്ല. പദ്ധതികൾ നടപ്പിൽ വരുത്തുമ്പോൾ ശ്രദ്ധ പുലർത്തേണ്ടതാണ് .

## 1-18 നിരീക്ഷണ ക്യാമറ സ്ഥാപിച്ചിട്ടില്ല.

നിർവ്വഹണം : സെക്രട്ടറി

പ്രൊജക്ട് : SO 205/20,പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ.

ബിൽ(BRN) 716243/21.01.19 : 7440/- (CFC Fund)

ബിൽ(BRN)1292222/17.02.20: 42560 (CFC Fund)

164/17.01.20(ACR പ്രകാരം) : 24103 (തനത് ഫണ്ട്)

ആകെ : 74103

പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നതിനായി മേൽ പ്രോജക്ട് പ്രകാരം പാലക്കാട് പി.ഡബ്ല്യു.ഡി (ഇലക്ട്രോണിക്സ്) സബ്ഡിവിഷൻ ഓഫീസിന് സെന്റേജ് ചാർജ് 7440 രൂപയടക്കം 74103/-രൂപ ഒടുക്കിയിട്ടുണ്ട്. ക്യാമറകൾ ഇൻസ്റ്റാൾ ചെയ്ത് പ്രവൃത്തി പൂർത്തിയാക്കേണ്ടതിന് ഏറ്റവും ഒടുവിലായി 19.7.21 ന് പ്രസ്തുത ഓഫീസിലേക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കേണ്ടതിന് സത്വര നടപടി സ്വീകരിക്കേണ്ടതും പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്. പ്രവൃത്തി

പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 74103/-രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് അന്വേഷണം നം. 12/ 30.12.2021)

## 1-19 എസ്.എസ്.എ- രേഖകൾ ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണം : സെക്രട്ടറി

പ്രൊജക്ട് : 02/20,എസ്.എസ്.എ.വിഹിതം അടവാക്കൽ(2018-19)

ബിൽ (ACRപ്രകാരം)47/28.7.19 : 7,00,000/-(വികസന ഫണ്ട് ജനറൽ)

പ്രസ്തുത പ്രൊജക്ട് പ്രകാരം 7,00,000 രൂപ വിനിയോഗിച്ചിട്ടുണ്ട്. ബന്ധപ്പെട്ട പ്രൊജക്ട് ഫയലിൽ ബിൽ പകർപ്പ്, എസ്.എസ്.എ യുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം മുതലായ രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 13 / 30.12.2021) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-20 ന്യൂട്രീമിക്സ് ജി.എസ്.ടി-യിന്മേൽ TDS ഈടാക്കിയില്ല.

നിർവ്വഹണം: ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28-ാമത് ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ബില്ലിൽ നികുതി കിഴിച്ചുള്ള തുകയുടെ 2 ശതമാനം TDS ഈടാക്കേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ 08/20,അംഗനവാടി ന്യൂട്രീഷൻ പ്രോഗ്രാം എന്ന പദ്ധതി പ്രകാരം കുളിർമ ന്യൂട്രീമിക്സ്,പരപ്പനങ്ങാടിയിൽ നിന്ന് അമൃതം ന്യൂട്രീമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുകയുടെ ബില്ലുകളിൽ ജി.എസ്.ടി TDS ഈടാക്കിയിട്ടില്ല. ന്യൂട്രീമിക്സ് വിലയിൽ 5 % ജി.എസ്.ടി ഉൾപ്പെടുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | ബിൽ/ചെക്ക് നം./തി. | തുക | ഫണ്ട് | ഇൻവോയ്സ് നം./തി | തുക | ജി.എസ്.ടി. ബാധകമായ തുക |
|---|---|---|---|---|---|---|
| 1 | 02/9.8.19 | 646858 | വികസന ഫണ്ട് | 187/15.3.19 | 106560 | 100800 |
| | | | | 03/10.4.19 | 106596 | 100800 |
| | | | | 04/10.4.19 | 45412 | 43000 |
| | | | | 07/22.5.19 | 76616 | 72450 |
| | | | | 08/225.19 | 45412 | 43000 |
| | | | | 11/4.7.19 | 82537 | 78050 |
| | | | | 12/4.7.19 | 45412 | 43000 |
| | | | | 15/1.8.19 | 92901 | 87850 |
| | | | | 16/1.8.19 | 45412 | 43000 |
| 2 | JF No. 2014925/ 17.10.19 | 342570 (Suplyco: 238195+ Kulirma: 104375) | കേന്ദ്രാവിഷ്കൃത ഫണ്ട് | 19/01.9.19 | 104375 | 98700 |
| 3 | JF No. 2014939/ 15.01.20 | 147391 | കേന്ദ്രാവിഷ്കൃത ഫണ്ട് | 22/29.9.19 | 112887 | 106750 |
| | | | | 23/29.9.19 | 34504 | 32680 |

| | | | | | | |
|---|---|---|---|---|---|---|
| 4 | JF No. 2014940/ 24.01.20 | 443435 | കേന്ദ്രാവിഷ്കൃത ഫണ്ട് | 27/30.10.19 | 22706 | 21500 |
| | | | | 52/30.10.19 | 120290 | 113750 |
| | | | | 30/30.11.19 | 114737 | 108500 |
| | | | | 31/30.11.19 | 26791 | 25370 |
| | | | | 34/31.12.19 | 136206 | 128800 |
| | | | | 35/31.12.19 | 22705 | 21500 |
| ആകെ | | | | | | 1269500 |

ന്യൂട്രീമിക്സ് ബില്ലുകളിൽ ജി.എസ്.ടി. TDS (25390രൂപ) നടത്താത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.01/22.12.21) നൽകി. ബന്ധപ്പെട്ട ബില്ലുകൾ പ്രകാരമുള്ള ജി.എസ്.ടി ന്യൂട്രീമിക്സ് സ്ഥാപനം ഒടുക്കിയ ജി.എസ്.ടി റസീപ്റ്റുകൾ ഹാജരാക്കി .അംഗനവാടികളിലേയ്ക്കുള്ള ഭക്ഷ്യ വസ്തുക്കൾക്ക് ജി.എസ്.ടി ബാധകമാണോ എന്നതിൽ അവ്യക്തതയുണ്ടായതിനാലാണ് ടി.ഡി.എസ്. നടത്താതിരുന്നതെന്നും തുടർന്ന് ഈടാക്കുന്നതാണെന്നും മറുപടി നൽകി. അപാകത വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 കരാർ കാലയളവിനുള്ളിൽ പ്രോജക്ട് പൂർത്തീകരിക്കാത്തത് - പിഴ ഈടാക്കിയിട്ടില്ല.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ സെക്ഷൻ 2112.1 പ്രകാരം ഭാഗികമായോ പൂർണ്ണമായോ കരാറുകാരന്റെ വീഴ്ച മൂലം പ്രോജക്ട് പൂർത്തീകരണത്തിൽ കാലതാമസം വരുന്ന സന്ദർഭങ്ങളിൽ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന രേഖാമൂലം അപേക്ഷ നൽകണം. അപേക്ഷ സ്വീകര്യമാണെങ്കിൽ പിഴ ഈടാക്കി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണ്ൽ ചീഫ് സെക്രട്ടറിയുടെ 18.8.2018 ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പൂർത്തീകരണ കാലയളവ് ആദ്യം മൂന്ന് മാസം ദീർഘിപ്പിച്ച് നൽകുന്നതിന് പ്രോജക്ട് PAC യുടെ 1% പിഴ ഈടാക്കണം. തുടർന്നുള്ള ഓരോ മൂന്ന് മാസം ദീർഘിപ്പിക്കുന്നതിനും PAC യുടെ 2% പിഴ ഈടാക്കണം.

എന്നാൽ, അസിസ്റ്റന്റ് എഞ്ചിനീയർ 2019-20 ൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രോജക്ടുകൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. പ്രോജക്ട് പൂർത്തീകരണത്തിൽ കാലതാമസം വന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാരനോട് വിശദീകരണം ആവശ്യപ്പെടുകയോ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകാൻ കരാറുകാരൻ അപേക്ഷ നൽകുകയോ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുകയോ, കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. അതേസമയം, പ്രോജക്ടിന്റെ കരാറിൽ പ്രവർത്തന കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടതു സംബന്ധിച്ചും, സമയത്തിന് പൂർത്തീകരിക്കാത്ത പക്ഷം ഈടാക്കുന്ന, മേൽ സൂചിപ്പിച്ച പ്രകാരമുള്ള, പിഴ സംബന്ധിച്ചും വ്യവസ്ഥകൾ (കരാറുകളിലെ 6,7 വ്യവസ്ഥകൾ) ഉണ്ട്.

പ്രൊജക്ടുകളുടെ വിശദ വിവരം താഴെ പറയുന്നു.

1.

പ്രൊജക്ട് നം : 152/20 (43/19)

തറമ്മൽ റോഡ് റീ ടാറിംഗ് (SO)

TS N0 : 43465/2018-2019, DSoR 2016, COl.37.25%

കരാർ നം : 13/AE/LSGD/PMKY/18-19തീയ്യതി. 20.8.2018

അടങ്കൽ : 200000, CFC (PAC- 200000)

ചെലവ് : 194190 ബിൽ നമ്പർ.22/03.08.2019

എംബുക്ക് നം: 68/18-19

കരാറുകാരൻ : പി.ബഷീർ

ഈ പ്രോജക്ടിന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ട മറ്റ് വിശദാംശങ്ങളും ഈടാക്കേണ്ടിയിരുന്ന പിഴയും താഴെ പറയുന്നു.

എ)പ്രൊജക്ടിന്റെ പൂർത്തീകരണ സമയം 6 മാസം - 20.8.2018 മുതൽ 19.2.2019 വരെ (സാങ്കേതിക അനുമതി പ്രകാരം)

ബി) പ്രവൃത്തി സ്ഥലം കൈമാറിയ തീയ്യതി - 20.8.2018

സി) പ്രവൃത്തി ആരംഭിച്ച തീയ്യതി - 1.4.2019 (എം ബുക്കിൽ പ്രവൃത്തിയുടെ ആദ്യത്തെ അളവ് രേഖപ്പെടുത്തിയ തീയ്യതി)

ഡി) പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി - 10.4.2019 (എം ബുക്കിലെ പേജ് 14ൽ പ്രവൃത്തിയുടെ അവസാനത്തെ അളവ് രേഖപ്പെടുത്തിയ തീയ്യതി)

ഇ) കാല താമസം - 20.2.2019 മുതൽ 9.4.2019 വരെ - 49 ദിവസം

എഫ്) ഈടാക്കേണ്ടിയിരുന്ന പിഴ - 200000 X 1%x49/90= 1088

2.

പ്രോജക്ട് നം : 149/20 (41/19)

പെരിങ്ങോടൻ കുഞ്ഞിമുഹമ്മദ് ഹാജി റോഡ് റീ ടാറിംഗ്

TS N0 : 48972/2018-2019, DSoR 2016, COl.37.25%

കരാർ നം : 11/AE/LSGD/PMKY/18-19തീയ്യതി. 20.8.2018

അടങ്കൽ : 300000, MG(R) (PAC- 300000)

ചെലവ് : 295267 ബിൽ നമ്പർ.14/17.07.2019

എംബുക്ക് നം: 58/18-19

കരാറുകാരൻ : എ.ഗോപാലൻ

ഈ പ്രോജക്ടിന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ട മറ്റ് വിശദാംശങ്ങളും ഈടാക്കേണ്ടിയിരുന്ന പിഴയും താഴെ പറയുന്നു.

എ)പ്രോജക്ടിന്റെ പൂർത്തീകരണ സമയം 6 മാസം - 20.8.2018 മുതൽ 19.2.2019 വരെ (സാങ്കേതിക അനുമതി പ്രകാരം)

ബി) പ്രവൃത്തി സ്ഥലം കൈമാറിയ തീയ്യതി - 20.8.2018

സി) പ്രവൃത്തി ആരംഭിച്ച തീയ്യതി - 1.4.2019 (എം ബുക്കിൽ പ്രവൃത്തിയുടെ ആദ്യത്തെ അളവ് രേഖപ്പെടുത്തിയ തീയ്യതി)

ഡി) പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി - 15.5.2019 (എം ബുക്കിലെ പേജ് 29ൽ പ്രവൃത്തിയുടെ അവസാനത്തെ അളവ് രേഖപ്പെടുത്തിയ തീയ്യതി)

ഇ) കാല താമസം - 20.2.2019 മുതൽ 14.5.2019 വരെ - 54 ദിവസം

എഫ്) ഈടാക്കേണ്ടിയിരുന്ന പിഴ - 300000x1%x54/90= 1800

മേൽ അപാകതക്ക് ഓഡിറ്റ് എൻക്വയറി നം. 4/19-20/27.12.2021 മുഖേന വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ഇതിന് 30.12.2021 ന് ലഭ്യമാക്കിയ മറുപടിയിൽ 2018-19 ൽ ഓഫീസിൽ ജീവനക്കാർ കുറവായിരുന്നത് മൂലമാണ് അപാകത സംഭവിച്ചത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ചെറിയ അടങ്കലുള്ള പ്രവൃത്തികൾ ആണ് എന്നതിനാലും, പ്രൊജക്ടുകളുടെ പൂർത്തീകരണത്തിന് 6 മാസം സമയം അനുവദിച്ചിട്ടുണ്ട് എന്നതിനാലും പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. മേൽപ്പറഞ്ഞ പ്രകാരമുള്ള പിഴ കരാറുകാരിൽ നിന്നോ, അതിന് സാധ്യമാകാത്ത പക്ഷം ബില്ലുകളിൽ നിന്നും പിഴ കുറയ്ക്കുന്നതിൽ വീഴ്ച വരുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 2019-20 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 127500 | പ്രോ.നം-24/2019-20 നെൽകൃഷി വിത്ത് വിതരണവും കൂലി ചെലവ് സബ്സിഡിയും | 127500 | 0 |
| | 100000 | പ്രോ.നം-18/2019-20 പരിരക്ഷ പാലിയേറ്റീവ് കെയർ | 100000 | 0 |
| | 100000 | പ്രോ.നം-16/2019-20 അഗതിരഹിത കേരളം | 0 | 100000 |
| | 655770 | പ്രോ.നം-128/2019-20 ലൈഫ് ഭവന പദ്ധതി(ജനറൽ) | 655770 | 0 |
| | 300000 | പ്രോ.നം-9/2019-20 ഭിന്നശേഷി സ്കോളർഷിപ്പ് | 287500 | 12500 |
| ആകെ | 1283270 | | 1170770 | 112500 |
| ജില്ലാ പഞ്ചായത്ത് | 231000 | പ്രോ.നം-9/2019-20 ഭിന്നശേഷി സ്കോളർഷിപ്പ് | 231000 | 0 |
| ആകെ | 231000 | | 231000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | വൗച്ചർ നം.41900027/ 16.07.2019 | 13231 | 0 | ഇല്ല | 13231 |
| കെ.എസ്.ഇ.ബി | പ്രൊ.നം. 229/19-20 ആയുർവേദ ഡിസ്പൻസറി വൈദ്യുതീകരണം | വൗച്ചർ നം.21900805/ 31.01.2020- | 46484/- | 0 | ഇല്ല | 46484/- |
| ജി.ഡബ്ല്യു.ഡി | പ്രൊ.നം. 207/20 കുഴൽ കിണർ അറ്റകുറ്റപ്പണി | വൗച്ചർ നം.41900179/ 31.03.2020- | 185675/- | 0 | ഇല്ല | 185675/- |
| പി.ഡബ്ല്യു.ഡി | സി.സി.ടി.വി | വൗച്ചർ | 42560 | 0 | ഇല്ല | 42560 |

| | | | | | | |
|---|---|---|---|---|---|---|
| ഇലക്ട്രിക്കൽ | സ്ഥാപിക്കൽ | നം.21901108/ 17.02.2020- | | | | |
| | | വൗച്ചർ നം.21900896/ 05.03.2020- | 24103 | 0 | ഇല്ല | 24103 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

എ) സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 34,93,912 |
| തൻവർഷം നിക്ഷേപിച്ച തുക | 285552 |
| ആകെ | 3779464 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3779464 |

ബി) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | അക്കൗണ്ട് നമ്പർ |
|---|---|---|
| SBI, Edarikode | 239464 | 67395964058 |
| PSKCB | 3540000 | 0030130002151 |
| ആകെ | 3779464 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2(1) | 2016-17 | അദ്ധ്യായം-2 അനുബന്ധം-5 | തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | നടപടി തുടരുന്നു |
| 2015-16 | 2(3) | 2016-17 | -ടി- | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല. | നടപടി തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2003-04 | 3-(12),3-13(1),(2) 3-14(2),3-15 | ശ്രീ സി ജെ വർഗ്ഗീസ്, സെക്രട്ടറി | LF4520/spl.cell /sc5/09 Dt. 02.05.12 | 28255 | 28255 | അടവാക്കിയ വിവരം ലഭ്യമല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 2008-09 2010-11 | 3-12 | ഫ്രാൻസിസ് വർഗ്ഗീസ്, അസിസ്റ്റന്റ് എഞ്ചിനീയർ | LF1957/spl.cell /C-SC/D1/13 Dt. 24.03.15 | 21,631 | 21,631 | അടവാക്കിയ വിവരം ലഭ്യമല്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 89493469 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 92584039 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1344799 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 125826 | ശ്രീ. പ്രഭാകരൻ പരി,സെക്രട്ടറി |
| 1-15 | 318870 | ഡോ നസീറ കെ.കെ , മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-16 | 126000 | ശ്രീ അനിൽകുമാർ വി.വി , വി.ഇ.ഒ |
| 1-18 | 74103 | ശ്രീ. പ്രഭാകരൻ പരി,സെക്രട്ടറി |
| 1-19 | 700000 | ശ്രീ പ്രഭാകരൻ പരി,സെക്രട്ടറി |
| ആകെ | 1344799 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ബാധകമല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 2001-02 | എൽ.എഫ്.എം.15/69/06/17-7-2006 | 7 |
| 2002-03 | എൽ.എഫ്.എം.11/47/07/16-6-2008 | 10 |
| 2003-04 | എൽ.എഫ്.എം.11/48/07/24-05-2008 | 10 |
| 2004-05 | എൽ.എഫ്.എം.11/2213/08/20-1-2009 | 7 |
| 2005-06 | എൽ.എഫ്.എം.18/786/10/14-09-10/21-02-11 | 13 |
| 2006-07 | എൽ.എഫ്.എം.18/787/10/14-9-10/21-2-2011 | 2 |
| 2007-08 | എൽ.എഫ്.എം.3/1250/10/8-11-2010 | 12 |
| 2008-09 മുതൽ 2010-11വരെ | എൽ.എഫ്.15/1874/12/23-8-12/6-10-12<br>എൽ.എഫ്.എം.15/2980/12/14-01-13 | 15 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.15/7/2016 Dtd. 16.02.2016 | 10 |
| 2013-14, 14-15 | കെ.എസ്.എ.എം.പി.എം.15/2014/2016 Dtd. 07.05.2017 | 6 |
| 2015-16 | കെ.എസ്.എ.എം.പി.എം.15/3213/2016 Dtd. 22.03.2018 | 9 |
| 2016-17 | കെ.എസ്.എ എം.പി.എം 15/1851/2017 Dt. 30.04.2018 | 16 |
| 2017-18 | കെ.എസ്.എ എം.പി.എം 15/223/2019 Dt. 01.06.2019 | 10 |
| 2018-19 | കെ.എസ്.എ എം.പി.എം 15/6/2020 Dt. 24.04.2020 | 22 |

ഡെപ്യൂട്ടി ഡയറക്ടർ ഹയർ ഗ്രേഡ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്